71

# രാജാവിൽനിന്നുള്ള ഒരു ക്ഷണം!

## മത്തായി 22:1-14, ഒരെത്തി നോട്ടം

വാതിൽക്കൽ മുട്ടുന്നത് ഊഹിക്കുക. നിങ്ങൾ വാതിൽ തുറക്കുമ്പോൾ സമുന്നതനായ ഒരാൾ വാതിൽക്കൽ നിൽക്കുന്നു. "ഞാൻ വാഷിങ്ടൺ ഡി. സി., യിൽനിന്നും ഇതു തരുവാൻ വരികയാണ്," എന്നയാൾ പറയുന്നു. ഒരു കവർ എടുത്ത് നീട്ടുന്നു. അതിനകത്ത് രാജ്യത്തിന്റെ ആഭ്യന്തര കാര്യത്തിൽ പങ്കെടുക്കുവാനുള്ള അമേരിക്കൻ പ്രസിഡന്റിന്റെ ഒരു ക്ഷണമാണ്. ആ മനുഷ്യൻ പറയുന്നു, "എന്റെ വാഹനം പുറത്ത് നില്ക്കുന്നു." "കഴിവതും വേഗം തയ്യാറാകുക. ഞാൻ നിങ്ങളെ എയർപോർട്ടിലേക്ക് കൊണ്ടുപോകാം. അവിടെ പ്രസിഡന്റിന്റെ വിമാനം നിങ്ങൾക്ക് വേണ്ടി കാത്തുകിടക്കുന്നു."[1] അതു ആവേശം നൽകുന്നതാണ്. എങ്ങനെയായാലും, ഇന്നത്തെ പ്രസംഗം അതിനേക്കാൾ എത്രയോ മടങ്ങ് ആഹ്ലാദിപ്പിക്കുന്നതും പ്രാധാന്യമുള്ളതുമായ ക്ഷണമാണ്: പ്രപഞ്ചത്തിന്റെ ഭരണാധികാരിയായ, രാജാവിന്റെ ക്ഷണമാണ്!

നമ്മുടെ വേദഭാഗം മത്തായി 22:1–14 ആണ്. സന്ദർഭം, യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ചയാണ്. സംഭവങ്ങൾ നടന്നത് "ചോദ്യങ്ങളുടെ വലിയ ദിവസം" ആയ ചൊവ്വാഴ്ച്ചയാണ്. യേശു ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ, ന്യായാധിപസഭയുടെ പ്രതിനിധികളെ കണ്ടുമുട്ടി. അവർ അവനോട്, "എന്ത് അധികാരം കൊണ്ട് നീ ഇതെല്ലാം ചെയ്യുന്നു?" എന്നു ചോദിച്ചു (മത്തായി 21:23). അതിനുള്ള ഉത്തരത്തിന്റെ ഭാഗമായി, അവന്റെ ശത്രുക്കളുടെ പാപം വെളിപ്പെടുത്തുന്ന വിധത്തിൽ അവൻ മൂന്നു ഉപമകൾ പറയുകയുണ്ടായി. ആദ്യത്തെ രണ്ട് ഉപമകൾ രണ്ടു പുത്രന്മാരെ കുറിച്ചും ദുഷ്ടരായ കുടിയാന്മാരെ കുറിച്ചും ഉള്ളവയായിരുന്നു. മൂന്നാമത്തേത്, രാജാവിന്റെ മകന്റെ കല്യാണസദ്യയെ കുറിച്ചുള്ളതായിരുന്നു. ഇതു ആഴ്ച്ചകൾക്ക് മുൻപ് യേശു പറഞ്ഞ മറ്റൊരു ഉപമ പോലെയുള്ളതാണ് (ലൂക്കൊസ് 14), എന്നാൽ വിശദാംശങ്ങൾ പലതും വ്യത്യാസമുള്ളവയാണ്. അത് ഒരു ഇരട്ട ഉപമയാണ് എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത, ഒന്നിൽ തന്നെ രണ്ടെണ്ണമുണ്ട്.[2] രണ്ടാമത്തേതിനെ കല്യാണവസ്ത്രത്തിന്റെ ഉപമ എന്നു വിളിക്കാം.

ഞാൻ ഈ പ്രസംഗത്തിനു "രാജാവിൽനിന്നുള്ള ക്ഷണം!" എന്നാണ് തലക്കെട്ട് ഇട്ടിരിക്കുന്നത്. നമ്മുടെ വേദഭാഗത്തിൽനിന്ന് ആ ക്ഷണത്തെ കുറിച്ച് നമുക്ക് മൂന്ന് സത്യങ്ങൾ എടുക്കാവുന്നതാണ്.

### അത് സന്തോഷിക്കുവാനുള്ള ക്ഷണമാണ്
### (വാ. 1-3)

**ഉപമ**

ഈ വാക്കുകളോടെയാണ് ആ വേദഭാഗം തുടങ്ങുന്നത്: "യേശു പിന്നെയും അവരോട് ഉപമകളായി പ്രസ്താവിച്ചതെന്തെന്നാൽ, 'സ്വർഗരാജ്യം തന്റെ പുത്രന്നു വേണ്ടി കല്യാണസദ്യ[3] കഴിച്ച ഒരു രാജാവിനോട് സദൃശം.

അവൻ കല്യാണത്തിന് ക്ഷണിച്ചവരെ വിളിക്കേണ്ടതിന് ദാസന്മാരെ പറഞ്ഞയച്ചു'" (വാ. 1, 2). ഉപമയിലെ രാജാവ് ദൈവം ആണ്. "കല്യാണസദ്യക്ക് ക്ഷണിച്ചവരെ വിളിക്കേണ്ടതിന് ദാസന്മാരെ[4] അയച്ചു" എന്നു പറഞ്ഞാണ് സംഭവം തുടങ്ങുന്നത് (വാ. 3).

**പോയിന്റ്**

ആ ക്ഷണത്തിന്റെ സ്വഭാവത്തെ ആദ്യം പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്: അത് ഒരു കല്യാണ വിരുന്നിനുള്ള ക്ഷണം ആണ്, ആഘോഷസന്ദർഭമാണ്. പഴയനിയമത്തിൽ കല്യാണവും വിരുന്നും ആലങ്കാരികമായി മശിഹായുഗത്തിന്റെ ആഗമനത്തെ മുന്നറിയിക്കുന്നതായിരുന്നു – അതായത് ക്രിസ്ത്യാനിത്വം.[5] പുതിയനിയമത്തിലും ആ ആലങ്കാരിക ഉപയോഗം തുടരുന്നുണ്ട്.[6] സഭ ക്രിസ്തുവിന്റ മണവാട്ടിയാണ് (എഫെസ്യർ 5:23–27, 31, 32; കൂടാതെ 2 കൊരിന്ത്യർ 11:2 ഉം നോക്കുക).[7] ഒരർത്ഥത്തിൽ, കല്യാണ സദ്യ ആരംഭിച്ചുകഴിഞ്ഞു,[8] നിത്യത വരെ തുടരുകയും ചെയ്യും. വെളിപ്പാടിൽ ദൈവജനത്തിന്റെ വിജയം ആഘോഷിക്കയുണ്ടായി: "കുഞ്ഞാടിന്റെ കല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ" (19:9).

ഈ ഭാവനയിൽനിന്നും, ക്രിസ്തീയജീവിതത്തിന്റെ ഭാഗ്യകരവും അവകാശപരവുമായ അവസ്ഥയിൽ നാം സംപ്രീതരാകും. ക്രിസ്ത്യാനിയായി തീരുന്നതിന് പ്രസാദകരമല്ലാത്ത പല വശങ്ങളും ഉണ്ട്. രാജ്യത്തെ തോട്ടത്തിൽ ജോലി ചെയ്യുന്നതായും, വയലിൽ ജോലി ചെയ്യുന്നതായും താരതമ്യപ്പെടുത്തിയ ഉപമകളുണ്ട്, എന്നാൽ ക്രിസ്ത്യാനിത്വം എന്നാൽ അവ മാത്രമല്ല.[9] അതിനടിയിൽ സന്തോഷവുമുണ്ട്.

നിർഭാഗ്യവശാൽ ക്രിസ്ത്യാനികൾ എപ്പോഴും ഇതു മനസിലാക്കുന്നില്ല. ക്രിസ്തുവിനെ ശാരീരികമായി വിവരിച്ചുകൊണ്ടുള്ള ഒരു എഴുത്ത് നാലാം നൂറ്റാണ്ടോടെ എഴുതിയിട്ടുണ്ട്. മറ്റുള്ള കാര്യങ്ങളോടൊപ്പം അതിൽ, "കർത്താവ് പലപ്പോഴും കരഞ്ഞിട്ടുള്ളതല്ലാതെ, ഒരിക്കലും ചിരിച്ചിട്ടില്ല" എന്ന് പറഞ്ഞിരിക്കുന്നു.[10] ആ വിവരണത്തിന് ഒരടിസ്ഥാനം ഇല്ല.[11] എന്നിരുന്നാലും, "യേശുവിനെകുറിച്ചുള്ള ആദ്യ വിവരണമെഴുത്തായതുകൊണ്ട്, അതിന് പിൽക്കാലങ്ങളിൽ കലാപരമായും ശില്പിപരമായും നീണ്ടുനിൽക്കുന്ന ഒരു ഫലമുണ്ട്, ആകയാൽ ആളുകൾ ഇന്നും ഒരിക്കലും ചിരിക്കാത്തവനായിട്ടാണ് യേശുവിനെ ചിത്രീകരിക്കുന്നത്."[12]

വർഷങ്ങളായി, ക്രിസ്തുവിനെ അനുഗമിക്കുന്നു എന്നവകാശപ്പെടുന്നവർ പറയുന്നതു യേശു ഇടക്കിടക്ക് കാണിച്ചിട്ടുള്ളത് ക്രിസ്ത്യാനിത്വത്തിൽ അല്പം സന്തോഷം ഉണ്ട് എന്നത്രേ. ധാർമ്മികമതാചാരക്കാർ തങ്ങളുടെ കുട്ടികൾക്ക് കളിപ്പാട്ടം നൽകുകയില്ല, അത് "ജഡത്തിന്റെ പ്രവൃത്തിയായിട്ടാണ്" അവർ കരുതുന്നത്. ജോൺ വെസ്ലി കുട്ടികൾക്ക് ഒരു ബോർഡിങ്ങ് സ്കൂൾ തുടങ്ങിയപ്പോൾ, കുട്ടികൾ ശൈത്യകാലത്തും വേനൽക്കാലത്തും പ്രഭാതത്തിൽ 4.00 മണിക്ക് എഴുന്നേല്ക്കണം എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ സ്കൂളിൽ ഇടവേളകളില്ല, ഒഴിവു ദിവസങ്ങളോ, ഒരു വിധത്തിലുള്ള കളികളോ അനുവദിച്ചിരുന്നില്ല.

ഈ നിലനിൽക്കുന്ന മൂകതക്കു വിപരീതമായി, പൗലൊസ് എഴുതി, "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു" (ഫിലിപ്പിയർ 4:4). വീണ്ടും പറയട്ടെ, കല്യാണവിരു

ന്നിനുള്ള ക്ഷണം സന്തോഷത്തിനുള്ള ക്ഷണമാണ്.

അതങ്ങനെ ആകയാൽ, നമുക്ക് രണ്ട് സത്യങ്ങൾ പരിഗണിക്കാം. (1) നാം രാജാവിന്റെ ക്ഷണം നിരസിച്ചാൽ, നാം സന്തോഷമാണ് നിരസിക്കുന്നത്. ക്ഷണം നിരസിച്ചവരുടെമേൽ വരുവാനിരിക്കുന്നത് ഇരട്ട വിപത്താണ്: അവരെ പുറത്തുകളയുകമാത്രമല്ല, അവർക്ക് വിരുന്നിന്റെ സന്തോഷം ലഭിക്കയുമില്ല. (2) നാം ക്ഷണം സ്വീകരിച്ചാൽ, നാം സന്തോഷത്തി*നായി* ശ്രമിക്കും. തന്റെ കല്യാണവിരുന്നിനു വരുന്നവർ ദുഃഖ-മുഖത്തോടെ കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

## പ്രതികരണം ആവശ്യപ്പെടുന്ന ഒരു ക്ഷണമാണ് അത് (വാ. 3-10, 14)

**ഉപമ**

നമുക്ക് സംഭവത്തിലേക്ക് മടങ്ങി വരാം. "കല്യാണവിരുന്നിന് ക്ഷണിച്ചവരെ വിളിക്കുവാൻ രാജാവ് തന്റെ ദാസന്മാരെ അയച്ചു" (വാ. 3). വേദഭാഗത്തിൽ രണ്ടു ക്ഷണത്തെ കുറിച്ച് പറയുന്നുണ്ട്: ചില വ്യക്തികൾക്ക് കല്യാണസദ്യക്കുള്ള ക്ഷണം നേരത്തെ ലഭിച്ചിട്ടുണ്ട്; പിന്നെ, വിരുന്ന് തയ്യാറായപ്പോൾ, ദാസന്മാരെ അയച്ച് വിരുന്നിനു വരേണ്ട സമയമായി എന്നറിയിച്ചു[13]

ക്ഷണം ലഭിച്ചവരായി പറയുന്നത് യിസ്രായേലിനെയാണ്.[14] മശിഹാവിരുന്നിനെ കുറിച്ച് പഠിപ്പിച്ച പ്രവാചകന്മാരാണ് അവരെ "ക്ഷണിച്ചത്." രണ്ടാമത്തെ ക്ഷണത്തിൽ അന്തർലീനമായിരിക്കുന്നത്, ഒന്നാമത്തേത് അവർ സ്വീകരിച്ചു എന്നാണ്; അതായത്, മശിഹാരാജ്യം എന്ന ആശയം അവർ സ്വീകരിച്ചു എന്നർത്ഥം.

ക്ഷണിക്കപ്പെട്ടവരോട് വിരുന്ന് തയ്യാറായി എന്നു പറഞ്ഞപ്പോൾ, "അവർക്ക് വരുവാൻ മനസില്ലായിരുന്നു" (വാ. 3). അവർ അപ്പോൾ തങ്ങളുടെ കാഠിന്യവും ശാഠ്യവുമുള്ള മനോഭാവം പുറത്തെടുത്തു. എങ്ങനെയായാലും, രാജാവ് അവർക്ക് വീണ്ടും ഒരവസരം കൂടെ കൊടുത്തു. ഒരു പക്ഷെ "ആദ്യത്തെ സന്ദേശവാഹകരെ അവർക്ക് മനസിലായിക്കാണുകയില്ല. അതുകൊണ്ട് അവർക്ക് സംശയത്തിന്റെ ആനുകൂല്യം നൽകാം" എന്ന് അവൻ വിചാരിച്ചിരിക്കാം. അതുകൊണ്ട്...

> ... പിന്നെയും അവൻ മറ്റു ദാസന്മാരെ അയച്ചു, "എന്റെ മുത്താഴം ഒരുക്കിത്തീർന്നു, എന്റെ കാളകളെയും തടിപ്പിച്ച മൃഗങ്ങളെയും [ആ മൃഗങ്ങളെ വിരുന്ന് വരെ അറുക്കുകയില്ല] അറുത്തു. എല്ലാം ഒരുങ്ങിയിരിക്കുന്നു [മാംസമെല്ലാം പാചകം ചെയ്തു വിളമ്പുവാൻ തയ്യാറായി]; 'കല്യാണത്തിനു വരുവിൻ,'" എന്നു ക്ഷണിച്ചവരോട് പറയിച്ചു (വാ. 4).

ലൂക്കൊസ് 14ലെ ഉപമയിൽ, ആ സമയത്ത് ക്ഷണിക്കപ്പെട്ട അതിഥികൾ ഒഴികഴിവ് പറയുവാൻ തുടങ്ങി. ഈ ഉപമയിൽ, ക്ഷണിക്കപ്പെട്ടവർ വിളി അവഗണിച്ചു: "അതു കൂട്ടാക്കിയില്ല" (വാ. 5). മൂലഭാഷ അവരുടെ കരുതലില്ലായ്മയെ ഊന്നിപ്പറയുന്നുണ്ട്. എബ്രായർ 2:3 ലെ അതേ ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് "ഉപേക്ഷ" എന്നാണ്. അവസരത്തിന്റെ വില അനുമോദിക്കുവാൻ ക്ഷണിക്കപ്പെട്ടവർക്ക് കഴിഞ്ഞില്ല. കെജെവി പറയുന്നത്, "അവർ അതിനെ നിസാരമാക്കിക്കളഞ്ഞു" എന്നാണ്.

രാജാവിന് കിട്ടിയത് ഇരട്ട അവമാനമാണ്. മറ്റു കാര്യങ്ങളിൽ വ്യാപൃതരായിട്ടാണ് ചിലർ രാജാവിനെ അവമാനിച്ചത്: അവർ "അവരുടെ വഴിക്ക് പോയി, ഒരാൾ തന്റെ കൃഷിസ്ഥലത്തേക്ക്, മറ്റൊരാൾ തന്റെ വ്യാപാരത്തിലേക്ക് പോയി" (വാ. 5). അവ ദുഷ്പ്രവൃത്തികളായിരുന്നില്ല; പിന്നെയോ അവ രാജാവിന്റെ ക്ഷണത്തെ പോലെ പ്രാധാന്യമുള്ളതായിരുന്നില്ല. വില്യം ബാർക്ലേ എഴുതി,

> നിത്യതയുടെ കാര്യങ്ങൾ മറക്കുന്നവിധം ഒരാൾ തന്റെ സമയം മുഴുവൻ തിരക്കുള്ളതായി പ്രവർത്തിച്ചേക്കാം, കാണാത്ത കാര്യങ്ങളെ മുഴുവൻ മറക്കുന്ന തരത്തിൽ മറ്റു കാര്യങ്ങളിൽ അയാൾ തിരക്കുള്ളവനായിരിക്കും, ലോകം അവകാശപ്പെടുന്ന വാഗ്ദാനങ്ങളിൽ വിശ്വസിച്ച് വ്യാപൃതനായിത്തീരുമ്പോൾ ക്രിസ്തുവിന്റെ മൃദുലമായ ക്ഷണത്തെ അയാൾ നിരസിച്ചുകളയും. ജീവിതത്തിന്റെ വിപത്ത് എന്തെന്നാൽ രണ്ടാമത്തെ നല്ലത് ഏറ്റവും നല്ലതിനെ അടച്ചുകളയുന്നു, തങ്ങളിൽ തന്നെയുള്ള നല്ലതിനെ എടുത്തുകൊണ്ട് പരമോന്നതമായതിനെ ആളുകൾ അടച്ചുകളയുകയാണ് ചെയ്യുന്നത്.[15]

മറ്റുള്ളവർ രാജാവിനെ ക്രൂരമായി തള്ളിക്കളഞ്ഞുകൊണ്ടാണ് അവമാനിച്ചത്. "ശേഷമുള്ളവർ അവന്റെ ദാസന്മാരെ പിടിച്ചു അവമാനിച്ചു, കൊന്നുകളഞ്ഞു" (വാ. 6). ഇതു യെഹൂദന്മാർ പ്രവാചകന്മാരോട് പെരുമാറിയതും പിന്നീട് അപ്പൊസ്തലന്മാരോട് പെരുമാറുന്നതിനെയും സൂചിപ്പിക്കുന്നു. ക്ഷണത്തെ ചിലർ അവഗണിക്കുകയും, ചിലർ എതിർക്കുകയും ചെയ്തു – രണ്ടു കാര്യത്തിലും അന്ത്യഫലം ഒന്നു തന്നെയായിരുന്നു.

ഞാൻ താമസിക്കുന്ന പ്രദേശത്ത്, ചിലപ്പോൾ ഞങ്ങൾ രണ്ടാമതു പറഞ്ഞ വ്യക്തിയെ പോലെയുള്ളവരെ കണ്ടിട്ടുണ്ട്, പക്ഷെ ഒന്നാമത്തേതുപോലെയുള്ളവരാണ് അധികവും കാണപ്പെടുന്നത്. ഇക്കാലത്ത്, രാജാവിന്റെ ക്ഷണത്തിൽ താൽപര്യമുള്ളവരാകുവാൻ വളരെ, വളരെപേർ മറ്റു കാര്യങ്ങളിൽ തിരക്കുള്ളവരാണ്, മറ്റുകാര്യങ്ങളിൽ ഇടപെടുന്നവരാണ്.

രാജാവിനെ പ്രതിനിധീകരിച്ചിരുന്നവരോട് ചെയ്തിരുന്നത്, ഫലത്തിൽ, രാജാവിനോട് ചെയ്യുന്നതിനു തുല്യമാണ്.[16] അതുകൊണ്ട്, സംഭവിച്ചതു രാജാവ് കേട്ടപ്പോൾ, അവനു "കോപമുണ്ടായി" (വാ. 7). ദൈവം ധർമ്മോപകാരിയാണെങ്കിലും, അവനു കോപവുമുണ്ടാകും. ദൈവം കോപിക്കുമ്പോൾ പുറകോട്ട് മാറുക!

രാജാവ് തന്റെ "സൈന്യത്തെ അയച്ചു ആ കുലപാതകന്മാരെ മുടിച്ചു അവരുടെ പട്ടണം ചുട്ടുകളഞ്ഞു" (വാ. 7). ആ സന്ദർഭത്തിൽ, അത് ഒരു പക്ഷെ എ.ഡി. 70–ൽ യെരുശലേം പട്ടണം നശിപ്പിക്കുമെന്ന സൂചനയാകാം.

എന്നിരുന്നാലും, വിരുന്ന് ഒരുക്കിത്തീർത്തിരുന്നു. രാജാവ് തന്റെ ദാസന്മാരോട് പറഞ്ഞു, "കല്യാണം ഒരുങ്ങിയിരിക്കുന്നു, ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല" (വാ. 8). "യോഗ്യരായില്ല" എന്നു പറയുമ്പോൾ പൊതുവായ യോഗ്യതയെയല്ല അവിടെ പറയുന്നത്, മറിച്ച് ക്ഷണത്തെ തള്ളിക്കളഞ്ഞു സ്വയം അയോഗ്യരായിത്തീർന്നതിനെയാണ് സൂചിപ്പിക്കുന്നത് (പ്രവൃത്തികൾ 13:44–46). അവർ "വരുവാൻ യോഗ്യരായില്ല" എന്നാണ് എൻ

ഐവിയിൽ പറയുന്നത്.

ദാസന്മാരോട് പറഞ്ഞു, "ആകയാൽ വഴിത്തലക്കൽ ചെന്ന് കാണുന്ന വരെ ഒക്കെയും കല്യാണത്തിനു വിളിപ്പിൻ" (വാ. 9). ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന "വഴിത്തലക്കൽ" എന്നത് സൂചിപ്പിക്കുന്നത് പൊതുവിൽ "ആളുകൾ കൂടി വരുന്ന സ്ഥലമാണ്"[17] "വഴിമുക്കുകളിൽ" എന്നാണ് എൻ ഐവിയിൽ. രാത്രിയിലോ പകലോ ഏതു സമയത്തും ആളുകൾ നിങ്ങ ളുടെ പ്രദേശത്ത് കൂടിവരുന്ന സ്ഥലമുണ്ടോ? ആ ആശയമാണ് "വഴിത്തല ക്കൽ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. രാജാവ് പറഞ്ഞു, "കാണുന്നവരെ ഒക്കെയും കല്യാണത്തിനു വിളിപ്പിൻ" ഇതു മഹത്തായ ആജ്ഞ പോലെ ആണെന്നു തോന്നുന്നു, അല്ലേ? "ലോകമെങ്ങും പോയി സകല സൃഷ്ടി യോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15).

രാജാവ് കല്പിച്ചതുപോലെ തന്നെ സന്ദേശവാഹകർ ചെയ്തു: അവർ "പെരുവഴികളിൽ പോയി കണ്ട ദുഷ്ടന്മാരെയും നല്ലവരെയും എല്ലാം കൂട്ടി ക്കൊണ്ടുവന്നു" (വാ. 10).[18] "ദുഷ്ടന്മാരും നല്ലവരും" എന്ന് പറഞ്ഞിരിക്കു ന്നതുകൊണ്ട് ദൈവരാജ്യത്തിൽ ദുഷ്ടന്മാർക്ക് സ്ഥാനമുണ്ട് എന്ന് ധരിക്കരുത്, മറിച്ച് അതിനർത്ഥം ദൈവത്തിന് എല്ലാ ആളുകളിലും താല്പ ര്യമുണ്ട് എന്നാണ് – നല്ലവരായാലും മോശപ്പെട്ടവരായാലും – അവൻ എല്ലാ വരെയും ക്ഷണിക്കും. സുവിശേഷം എല്ലാവർക്കും ഉള്ളതാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ "മതപരമായ" ആളുകളേക്കാൾ "മോശക്കാരായ" ആളുക ളാണ് സുവിശേഷത്തിൽ താൽപര്യം കാണിക്കുന്നത് എന്ന് നമ്മുടെ കർത്താവ് പറയുകയുണ്ടായി (മത്തായി 21:28–32).

ഇവിടെ അന്തർലീനമാക്കിയിരിക്കുന്നത് രക്ഷ കൃപയാലാണ് ലഭിക്കുന്നത് എന്നാണ്; "വഴിത്തലക്കലുള്ളവർ" കല്യാണസദ്യക്ക് യോഗ്യത യുണ്ടാകു വാൻ ഒന്നും ചെയ്തിരുന്നില്ല. അവർ കല്യാണസദ്യക്ക് വരുവാൻ യോഗ്യത നേടിയില്ല. അതു കൃപയാലാണ് ലഭിച്ചത് (എഫെസ്യർ 2:8, 9 നോക്കുക).

ദാസന്മാർ ആ പ്രദേശമെല്ലാം ക്ഷണിച്ചുകഴിഞ്ഞപ്പോൾ, "കല്യാണശാല വിരുന്നുകാരെക്കൊണ്ടു നിറഞ്ഞു" (വാ. 10). ചിലർ ക്ഷണം നിരസിക്കു കയും തന്നെ അവമാനിക്കയും ചെയ്തതുകൊണ്ട് രാജാവ് കല്യാണസദ്യ റദ്ദ്ചെയ്തില്ല. അപ്പോഴും സദ്യ നിലനിർത്തുകയും കല്യാണശാല വിരുന്നു കാരെക്കൊണ്ടു നിറയുകയും ചെയ്തു. അതുപോലെ, ആളുകൾക്ക് ദൈവ ത്തിന്റെ പദ്ധതികളെയും ഉദ്ദേശങ്ങളെയും ഇല്ലാതാക്കുവാൻ കഴിയുകയില്ല.

**പോയിന്റ്**

ഉപമയുടെ ആദ്യപകുതിയിൽനിന്ന് ധാരാളം കാര്യങ്ങൾ നമുക്ക് പഠി ക്കുവാനുണ്ട്, എന്നാൽ പ്രത്യേകിച്ച് നമുക്ക് ഇതു പഠിക്കാം: ക്ഷണം നമുക്ക് എല്ലാവർക്കും ലഭിക്കും, എന്നാൽ സ്വീകരിക്കണോ അതോ നിരസിക്കണോ എന്ന് നാം ഓരോരുരുത്തരുമാണ് തീരുമാനിക്കേണ്ടത്. എങ്ങനെയായാലും, ക്ഷണം നാം നിരസിച്ചാൽ, രാജാവ് കോപിക്കും എന്ന് നാം മനസിലാക്കണം.

വാക്യം 14 ഒന്നോടിച്ചു നോക്കുക: "വിളിക്കപ്പെടുന്നവർ അനേകർ, തിര ഞ്ഞെടുക്കപ്പെടുന്നവർ ചുരുക്കം." "അനേകർ" എന്നതു "എല്ലാവരേയു മാണ്" സൂചിപ്പിക്കുന്നത്:[19] എല്ലാവരേയും സുവിശേഷത്താൽ വിളിക്കുന്നു (2 തെസലൊനിക്യർ 2:14). നിർഭാഗ്യവശാൽ, "ചുരുക്കം പേരെ മാത്രമാണ് തിരഞ്ഞെടുക്കുന്നത്." "തിരഞ്ഞെടുപ്പ്" സൂചിപ്പിക്കുന്നത് കല്യാണസദ്യ

ആസ്വദിക്കലാണ്. രാജാവ് തനിക്ക് ബോധിച്ചവരെ അകത്തു കയറ്റാം അല്ലാത്തവരെ കയറ്ററുത് എന്ന് തീരുമാനിച്ചിരുന്നോ? ഇല്ല. ആ "തിരഞ്ഞെടുക്കപ്പെടുന്നവരിൽ" ഒരാൾ താൻ ആകേണമോ എന്ന് ഓരോരുത്തരുമായിരുന്നു തീരുമാനിക്കേണ്ടിയിരുന്നത് – അതു രാജാവിന്റെ ക്ഷണം സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിലൂടെ ആയിരുന്നു.

*നിങ്ങൾ* ഒരു ക്രിസ്ത്യാനി ആയിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നു. തന്റെ "കല്യാണവിരുന്നിന്" വ്യക്തിപരമായ ക്ഷണം *നിങ്ങൾ*ക്ക് എത്തിച്ചിരിക്കുന്നു. യേശു പറഞ്ഞു, "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ" (മത്തായി 11:28). വീണ്ടും അവൻ പറഞ്ഞു, "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" (വെളിപ്പാട് 3:20). പൗലൊസ് എഴുതി, "ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോഴാകുന്നു രക്ഷാദിവസം" (2 കൊരിന്ത്യർ 6:2). "'വരിക' എന്ന് ആത്മാവും മണവാട്ടിയും പറയുന്നു, കേൾക്കുന്നവനും 'വരിക' എന്നു പറയട്ടെ. ദാഹിക്കുന്നവൻ വരട്ടെ ..." (വെളിപ്പാട് 22:17). എങ്ങനെയായാലും, അവസാനം, കർത്താവിന്റെ ദയാപൂർവ്വമായ ക്ഷണം *നിങ്ങൾ* സ്വീകരിക്കയോ നിരസിക്കയോ ചെയ്യും.

## ഉത്തരവാദിത്വം ഉൾപ്പെടുന്ന ക്ഷണമാണ് അത് (വാ. 11-14)

**ഉപമ**

തീർന്നില്ല. ആ ഇരട്ട ഉപമയുടെ രണ്ടാം ഭാഗം ഇനിയുമുണ്ട്. വിരുന്നുശാല നിറഞ്ഞുകഴിഞ്ഞപ്പോൾ, "വിരുന്നിനു വന്ന അതിഥികളെ നോക്കുവാൻ രാജാവ് വന്നു" (വാ. 11). അക്ഷരികമായി, "ചായുന്നവരെയാണ്" അവൻ നോക്കിയത്. സമൃദ്ധമായ വിരുന്ന് ആസ്വദിക്കുവാൻ, ആളുകൾ മേശമേൽ ചരിഞ്ഞിരിക്കുകയായിരുന്നു.

വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്ത് വന്നപ്പോൾ, "കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവൻ അവിടെ കണ്ടു" (വാ. 11). അത്തരം വിരുന്നിന് വരുന്നവർ കല്യാണ വസ്ത്രം ധരിക്കാതെ വരുന്നത് ആതിഥേയനെ അവമാനിക്കലാണ്.[20]

> ലോകമഹായുദ്ധം അതിന്റെ അവസാനം, ബ്രിട്ടീഷ് പ്രൈമിനിസ്റ്റർ വിൻസ്റ്റൺ ചർച്ചിലിന്റെ ആദരവിനായി റഷ്യയുടെ ഭരണത്തലവൻ ഒരു വിരുന്ന് ഒരുക്കി. റഷ്യക്കാർ തങ്ങളുടെ സൈനിക യൂണിഫോമിലോ ഔപചാരിക വസ്ത്രധാരണത്താലോ ആണ് വന്നത്, എന്നാൽ അവരുടെ ആദരണിയനായ അതിഥി അങ്ങനെയല്ല വന്നത്. ചർച്ചിൽ അദ്ദേഹത്തിന്റെ പ്രസിദ്ധമായ സിപ്പർ കവറൽസ് ഡ്രസിലാണ് വന്നത്, അതാണ് ലണ്ടനിൽ ജെർമൻ V–ബോംബ് ആക്രമണത്തിനിടയിൽ ധരിച്ചിരുന്നത്. അദ്ദേഹം വിചാരിച്ചത് റഷ്യക്കാർക്ക് ഇതു ഗതകാലസ്മരണ ഉയർത്തുമെന്നും അനുമോദിക്കുമെന്നുമാണ്. എന്നാൽ അതുണ്ടായില്ല. അവരുടെ ആദരണിയനായ അതിഥി യോഗ്യമായ വസ്ത്രം ധരിക്കാതെ വിരുന്നിനു വന്നതുകൊണ്ട് അവരെ തരം താഴ്ത്തി അവമാനിക്കയാണ് ചെയ്തതെന്നാണ് അവർ കരുതിയത്.[21]

രണ്ടാമത്തെ ഒരു ചിത്രീകരണം മനസിലേക്ക് വരുന്നു: ഒരു അപ്പൻ തന്റെ മകളുടെ വിവാഹത്തിന് വിലകൂടിയ ഒരു ഗൗൺ വാങ്ങിക്കൊടുത്തിട്ട് അത് ധരിക്കാതെ അവൾ മുഷിഞ്ഞ ഒരു ജീൻസ് ധരിച്ചുകൊണ്ട് കല്യാണ ത്തിനു വന്നാലോ? അതു ആ അപ്പനെ വൃണപ്പെടുത്തുകയില്ലേ? നിങ്ങൾക്ക് മറ്റു അനുയോജ്യമായ ചിത്രീകരണങ്ങളും പരിഗണിക്കാം.

ഉപമയിലെ ആ മനുഷ്യൻ എന്തുകൊണ്ടാണ് കല്യാണവസ്ത്രം ധരി ക്കേണ്ടിയിരുന്നത് എന്നതിനെ കുറിച്ച് വിവാദങ്ങൾ ഉയർന്നിട്ടുണ്ട്. "രാജാവ് വഴിത്തലക്കൽ കണ്ടവരെ എല്ലാമാണ് ക്ഷണിച്ചത്, അപ്പോൾ പിന്നെ എല്ലാ വരും എങ്ങനെ കല്യാണവസ്ത്രം ധരിച്ചു വരും?" എന്ന എതിർവാദം ഉന്ന യിക്കുന്നവരുമുണ്ട്. ഉത്തരമായി, ചില മദ്ധ്യപൂർവ്വ ദിക്കുകളിലെ ആചാരം, കല്യാണത്തിനു വരുന്ന അതിഥികൾക്ക് ഓരോരുത്തർക്കും വാതിൽകാ വൽക്കാരൻ മുഖാന്തരം ആതിഥേയൻ ഓരോ ജോഡി വസ്ത്രം ധരിക്കുവാ നായി നൽകുമായിരുന്നു എന്നു പറയപ്പെട്ടിട്ടുണ്ട്.[22] ഈ കാലത്തും, ഞാൻ താമസിക്കുന്ന പ്രദേശത്ത്, വധുവിന്റെ കുടുംബം കല്യാണ വിരുന്നിനു വരുന്നവർക്ക് ധരിക്കുവാനായി ഔപചാരിക വസ്ത്രം നൽകാറുണ്ട് (ചടങ്ങിന്റെ സമയത്ത് വധുവിനോടൊപ്പം നിൽക്കുന്നവർക്ക് ധരിക്കുവാൻ). അക്കാലത്ത് പാലസ്തീനിൽ അതുപോലെ ഉള്ള ആചാരമുണ്ടായിരുന്നു, നൽകിയ വസ്ത്രം അതിഥി ധരിച്ചില്ലെങ്കിൽ അത് ആതിഥേയനു അവമാന മാണ്. വിളിക്കപ്പെട്ടവർക്ക് വൃത്തിയായി വരുവാൻ രാജാവ് മതിയായ സമയം കൊടുത്തിരുന്നു എന്നാണ് മറ്റുള്ളവർ പറയുന്നത്. അങ്ങനെയാണെങ്കിൽ, ആ മനുഷ്യനു ഏറ്റവും നല്ല വസ്ത്രം ധരിച്ച് വരാമായിരുന്നു.

വിശദാംശങ്ങൾ അറിയുന്നത് നമ്മെ സംബന്ധിച്ച് പ്രാധാന്യമുള്ള കാര്യ മല്ല. പോയിന്റ് എന്തെന്നാൽ, ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ, അവന് കല്യാണവിരുന്നിനു ഒരുങ്ങി വരുവാൻ *കഴിയുമായിരുന്നു* പക്ഷെ അവൻ *അതു ചെയ്തില്ല.* ആ വ്യക്തിക്ക് ഒഴികഴിവ് പറയുവാനുണ്ടായിരു ന്നില്ല എന്ന് അടുത്ത വാക്യം പറയുന്നു.

ആ മനുഷ്യൻ ശരിയായി വസ്ത്രം ധരിച്ചിരുന്നില്ല എന്നു പറഞ്ഞത് *രാജാവാ*ണെന്ന് ശ്രദ്ധിക്കുക – അതുപോലെ നമ്മെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതു ദൈവമാണ്. ശരിയായി വസ്ത്രം "ധരിക്കണം" എന്നു നാം പറയുമ്പോൾ ബാഹ്യമായതല്ല, ആന്തരികമായി ധരിക്കുന്നതാണ് എന്നോർക്കുക.[23] അത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കത്തക്ക യോഗ്യത എനിക്കില്ല. ആത്മികമായി നല്ല വസ്ത്രധാരണം നടത്തിയിരിക്കുന്നു എന്ന് ഞാൻ ധരിക്കുന്നവർ അങ്ങനെ അല്ലായിരിക്കാം. ആത്മികമായി ശരി യായിട്ട് വസ്ത്രധാരണം നടത്തിയിട്ടില്ല എന്നു ഞാൻ കരുതുന്നവർ നന്നാ യിട്ടായിരിക്കാം വസ്ത്രധാരണം ചെയ്തിരിക്കുക (1 ശമുവേൽ 16:7). ദൈവ ത്തിനു മാത്രമെ നമ്മുടെ ഹൃദയങ്ങൾ അറിയാവു (പ്രവൃത്തികൾ 15:8). നാം ഓരോരുത്തരും *വ്യക്തിപരമായ* പ്രായോഗികത വരുത്തണം: "ദൈവം *എന്റെ* ഹൃദയത്തിലേക്ക് നോക്കുമ്പോൾ അവൻ എന്താണ് കാണുന്നത്?"

ശരിയായി വസ്ത്രം ധരിക്കാതിരുന്ന മനുഷ്യനെ രാജാവ് കണ്ടപ്പോൾ, അവൻ അവനോട് പറഞ്ഞു, "സ്നേഹിതാ,[24] നീ ഇവിടെ കല്യാണവസ്ത്ര മില്ലാതെ അകത്ത് വന്നത് എങ്ങനെ?" (മത്തായി 22:12). അതിന് ഒരു വിശ ദീകരണം രാജാവ് ആവശ്യപ്പെട്ടു. അവനു മതിയായ കാരണം ബോധിപ്പി ക്കുവാനുണ്ടായിരുന്നുവെങ്കിൽ അവനോട് ക്ഷമിക്കുമായിരുന്നു എന്നാണ്

സൂചന. എങ്ങനെയായാലും "ആ മനുഷ്യനു ഉത്തരം മുട്ടിപ്പോയി" (വാ. 12). "ഉത്തരം മുട്ടിപ്പോയി" എന്നതിന് ഗ്രീക്ക് വാക്ക് തർജിമചെയ്തിരിക്കുന്നത് "മസിൽഡ്" അല്ലെങ്കിൽ "ഗാഗ്ഡ്" എന്നാണ്. ആ മനുഷ്യൻ ഒഴികഴിവ് പോലും പറഞ്ഞില്ല.

പിന്നെ രാജാവ് തന്റെ "ദാസന്മാരോട്" പറഞ്ഞു (വാ. 13). ഇവർ വിളിക്കുവാൻ പോയ ദാസന്മാർ ആയിരുന്നില്ല, പക്ഷെ രാജധാനിയിലെ ശമ്പളക്കാരായ ദാസന്മാരായിരുന്നു.[25] അവരെ റിച്ചാർഡ് ട്രെഞ്ച് "ശുശ്രൂഷക്കാരായ കാവൽക്കാർ''[26] എന്നാണ് വിളിച്ചിരിക്കുന്നത്. "അവന്റെ രാജ്യത്തിൽനിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർക്കുന്ന ദൂതന്മാരെ'' പ്രതിനിധാനം ചെയ്യുന്നവരാണ് അവർ (മത്തായി 13:41; മത്തായി 13:49; ലൂക്കൊസ് 19:24 നോക്കുക).

രാജാവ് ശുശ്രൂഷക്കാരോട് പറഞ്ഞു, "അവനെ ആ [മനുഷ്യൻ] കയ്യും കാലും കെട്ടി [വീണ്ടും അവൻ കല്യാണസദ്യക്കു പ്രവേശിക്കാതിരിക്കേണ്ടതിന്[27]] ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ, അവിടെ കരച്ചലും പല്ലുകടിയുമുണ്ടാകും" (മത്തായി 22:13). ആ ഉപമയിലെ ഭാവന നിലനിർത്തുവാൻ, നമുക്ക് ഈ പദപ്രയോഗം നടത്താം: ''വിരുന്നിന്റെ ആഹ്ലാദത്തിൽനിന്നും പ്രകാശത്തിൽനിന്നും രാത്രിയുടെ ഇരുട്ടിലേക്ക് അവനെ തള്ളിക്കളവിൻ, അവസരം നഷ്ടപ്പെടുത്തിയതിന് അവൻ അവിടെ കിടന്നു പല്ലുകടിക്കട്ടെ.'' നരകാഗ്നിയിൽ ശിക്ഷിക്കുന്നതിനെയും ഇതുപോലെയുള്ള വാക്കിനാലാണ് പറഞ്ഞിരിക്കുന്നതെന്ന് നിങ്ങളിൽ അധികം പേർക്കും അറിയാമല്ലൊ (മത്തായി 8:12; 25:30).

**പോയിന്റ്**

ആ ഉപമ–ക്കുള്ളിലെ–ഉപമ–യിൽനിന്ന് നാം പഠിക്കേണ്ട പാഠം, ആരംഭത്തിൽ നാം കർത്താവിന്റെ ക്ഷണം സ്വീകരിച്ചാൽ മാത്രം പോരാ.[28] കർത്താവിന്റെ വിരുന്ന് ആസ്വദിക്കുവാൻ, നാം ആതിഥേയനോട് തുടർച്ചയായി ശരിയായ ബഹുമാനം കാണിക്കണം.[29]

പ്രത്യേകമായി, നാം ആത്മികവസ്ത്രം ധരിച്ചിരിക്കണം. ശരിയായ ആന്തരിക വസ്ത്രധാരണയുടെ ഭാവന പൗലൊസ് എഫെസ്യർ 4:22–24 ൽ പ്രകടമാക്കിയിരിക്കുന്നു: "പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്, പുതിയമനുഷ്യനെ ധരിച്ചുകൊൾക" (കൊലൊസ്യർ 3:10, 12, 14 നോക്കുക). ഗലാത്യയിലുള്ള ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതി, "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു, ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും *ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു*" (ഗലാത്യർ 3:26, 27; എംഫസിസ് മൈൻ; റോമർ 13:14 നോക്കുക). വെളിപ്പാട് പുസ്തകത്തിൽ വിജയികളായ ദൈവജനം ധരിച്ചിരിക്കുന്നത് "കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി ... അലക്കി വെളുപ്പിച്ചതായ ... വെള്ളനിലയങ്കി" (വെളിപ്പാട് 7:9, 14; 3:4, 5, 18; 6:11; 22:14 നോക്കുക). ഒരിക്കൽ നാം ക്രിസ്ത്യാനിയായി തീർന്നപ്പോൾ "വെള്ള വസ്ത്രം ധരിച്ചവരാണ്"; എന്നാൽ നാം അതു അലക്കി വെളുപ്പിക്കണം (യാക്കൊബ് 1:27 നോക്കുക) – വിശ്വസ്തക്രിസ്തീയ ജീവിതം നയിച്ചുകൊണ്ടും (വെളിപ്പാട് 2:10)പാപം ചെയ്താൽ ദൈവത്തിലേക്ക് മടങ്ങി വന്നുകൊണ്ടുമാണ് (1 യോഹന്നാൻ 1:7, 9).

നാം രക്ഷിക്കപ്പെടുന്നതു കൃപയാലാണെന്ന് നാം മുൻപ് കാണുകയുണ്ടായി, എന്നാൽ അതു "വിലകുറഞ്ഞ കൃപ" അല്ല.[30] പൗലൊസിന്റെ കാലത്ത്, കൃപയാൽ രക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ എങ്ങനെയും ജീവിക്കാം എന്നൊരു ഉപദേശം പരന്നിരുന്നു. അപ്പൊസ്തലൻ അതിനോടു പ്രതികരിച്ചു,

> ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത്. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിതീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ദീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നുതന്നെ (റോമർ 6:1–4).

നാം മുൻപ് ശ്രദ്ധിച്ചതുപോലെ യേശു ഈ വാക്കുകളോടെ അവസാനിപ്പിച്ചു: "വിളിക്കപ്പെടുന്നവർ അനേകർ, തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" (മത്തായി 22:14). മിസ്രയിമിൽ നിന്ന് വിളിച്ചുകൊണ്ടുവന്നവർ അനേകരായിരുന്നു എന്നാൽ വാഗ്ദാനദേശത്ത് പ്രവേശിച്ചവർ ചുരുക്കമായിരുന്നു എന്ന് യെഹൂദന്മാർക്കിടയിൽ ഒരു പഴഞ്ചൊല്ല് ഉണ്ട്. ഉപമയിൽ, എല്ലാവരേയും ക്ഷണിച്ചിരുന്നു എന്നാൽ ചുരുക്കം പേർക്ക് മാത്രമേ വിരുന്നുശാലയിൽ തുടർന്നിരുന്ന് നൽകപ്പെട്ട വിരുന്ന് ആസ്വദിക്കുവാൻ കഴിഞ്ഞുള്ളു.

### ഉപസംഹാരം

ക്ഷണിച്ചുകൊണ്ടുള്ള സുപരിചിതമായ പാട്ട് പറയുന്നത്,

"എല്ലാം ഒരുങ്ങി" വിരുന്നിനു വരിക!
വരിക, ഇപ്പോൾ മേശ വിരിച്ചിരിക്കുന്നു;
പട്ടിണിയിലായവരേ, ക്ഷീണിച്ചിരിക്കുന്നവരേ, വരിക,
നിങ്ങൾ വേണ്ടുവോളം വന്നു ഭക്ഷിക്ക.[31]

നിങ്ങൾക്ക് ആത്മീയമായി ഭക്ഷിക്കുവാൻ ദൈവത്തിന്റെ പുത്രൻ മരിക്കേണ്ടി വന്നു. രാജാവിന്റെ ക്ഷണം നിസാരമായി കണ്ടുകൊണ്ട് അവനെ അവമാനിക്കാതിരിക്കുക. നിങ്ങളുടെ ആത്മാവ് അപകടഘട്ടത്തിലാണ്. ഇന്നു തന്നെ "വരാം" എന്നു പറയുക.

### പ്രസംഗക്കുറിപ്പ്

ഈ പ്രസംഗത്തിനു പറ്റിയ മറ്റൊരു തലവാചകം "ഒരു രാജകിയ ക്ഷണം" എന്നതാണ്.

കുറിപ്പുകൾ

[1]നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന് യോജിക്കുന്ന വിധത്തിൽ രൂപപ്പെടുത്തുക. നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള, വലിയ ബഹുമതിയുള്ള ഒരാളുടെ ക്ഷണം. [2]ഞാൻ താമസിക്കുന്ന പ്രദേശത്ത്, ഒരെ–ണ്ണത്തിന്റെ–വിലയ്ക്ക് രണ്ടെ–ണ്ണം–വില്ക്കുന്ന സാഹചര്യമുണ്ട്. ഈ ഉപമയിൽ, "ഒരെണ്ണത്തിന്റെവിലക്ക് രണ്ടെണ്ണംഉണ്ട്." [3]കെജെവിയിൽ "മാര്യേജ്" എന്നാണ്, എന്നാൽ വേദഭാഗം പറയുന്നതു കല്ല്യാണസദ്യ എന്നാണ്. എൻഐവിയിൽ "കല്യാണ വിരുന്ന്" എന്നാണ്. [4]കെജെവിയിൽ "സെർവെന്റ്സ്" എന്നാണ്, പക്ഷെ "സ്ലേവ്സ്" എന്നർത്ഥം വരുന്ന ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നുത്. [5]കല്യാണത്തിന്റെ അടയാളത്തെ കുറിച്ച് അറിയുവാൻ യെശയ്യാവ് 61:10; 62:5; ഹോശേയ 2:19 നോക്കുക. സദ്യയെ കുറിച്ച് കൂടുതൽ അറിയുവാൻ യെശയ്യാവ് 25:6; 65:13; (ലൂക്കൊസ് 14:15 കൂടെ നോക്കുക). [6]കല്യാണത്തെ കുറിച്ച് കൂടുതൽ അറിയുവാൻ, മത്തായി 9:15; യോഹന്നാൻ 3:29. വിരുന്നിനെ കുറിച്ച് കൂടുതൽ അറിയുവാൻ മത്തായി 8:11, 12; ലൂക്കൊസ് 22:30. [7]യെഹൂദ കല്ല്യാണത്തിനു രണ്ടു ഭാഗങ്ങളാണുള്ളത്, ഒന്നു വിവാഹനിശ്ചയവും പിന്നെ യഥാർത്ഥ കല്യാണാഘോഷവും. ഇതു രണ്ടും ചേർന്നതാണ് പുതിയ നിയമത്തിൽ സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം. രണ്ട് കൊരിന്ത്യർ 11:2 വിവാഹനിശ്ചയത്തെ കുറിച്ച് പറയുന്നു, എന്നാൽ എഫെസ്യർ 5 ഒരു വധുവിന്റെ ചിത്രം നൽകുന്നു.അത്തരം വിശദാംശങ്ങൾ ഈ പ്രസംഗത്തിന് ആവശ്യമില്ല. [8]ഒരു എഴുത്തുകാരൻ ഇങ്ങനെ പറഞ്ഞു, "പാർട്ടി തുടങ്ങിക്കഴിഞ്ഞു!" [9]ക്രിസ്തീയജീവിതത്തെ ഒരു ശവസംസ്ക്കാരപ്രദക്ഷിണത്തോട് ഉപമിക്കുന്നതിനേക്കാൾ വലിയ ഉപമയില്ല എന്ന് ആരോ പറയുകയുണ്ടായി. [10]ആ കൃത്രിമമായ എഴുത്ത് ലാറ്റിനിൽ ആണ് എഴുതിയത്, ഒരു പബ്ലിയസ് ലെന്റുലസ് പിലാത്തൊസിന്റെ സമകാലികൻ ആണെന്ന് കരുതപ്പെടുന്നു, ഈ വിവരണം നെയിൽ ആർ.ലൈറ്റ്ഫൂട്ട്, ദ പാരബിൾ ഓഫ് ജീസസ്, പാർട്ട്, 2–ൽ നിന്നെടുത്തതാണ് (ആസ്റ്റിൻ, ടെക്സ്:ആർ. ബി. സ്വീറ്റ് കമ്പനി., 1965), 12.

[11]ഒരിക്കലും ചിരിക്കാത്ത ഒരാളോടുകൂടെ ആയിരിക്കുവാൻ ആരും ഇഷ്ടപ്പെടുകയില്ല, എന്നാൽ യേശുവിനോടുകൂടെ ആയിരിപ്പാൻ ആളുകൾ ഇഷ്ട്ടപ്പെട്ടിരുന്നു. അവന്റെ ഹാസ്യരസത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു അവന്റെ പല ഉപദേശങ്ങളും. [12]ലൈറ്റ്ഫുട്ട്, 12. അടുത്ത ഖണ്ഡികയിലെ വിവരങ്ങളും അതേ ഉറവിടത്തിൽനിന്നാണ്. [13]എസ്ഥേരിന്റെ പുസ്തകത്താൽ ചിത്രീകരിക്കാവുന്നതാണ് ഈ ഇരട്ടക്ഷണം. എസ്ഥേർ ഹാമാനെ ഒരു വിരുന്നിന് ക്ഷണിച്ചു (എസ്ഥേർ 5:8). പിന്നെ, ശരിയായ സമയം വന്നപ്പോൾ, അവനെ വരുത്തുവാൻ അവൾ ഒരു ദാസനെ അയച്ചു (എസ്ഥേർ 6:14). [14]ഈ പ്രസംഗത്തിനു മുമ്പുള്ള പാഠത്തിൽ, ആ സന്ദർഭത്തിൽ ക്ഷണിക്കപ്പെട്ടവരെ പ്രതിനിധീകരിച്ചതു "മതപരമായ" യെഹൂദന്മാരും പ്രത്യേകിച്ച് മതാദ്ധ്യ ക്ഷന്മാരും ആണെന്ന് നാം ശ്രദ്ധിക്കയുണ്ടായി. ഒരു നിയമമായി, അത്തരം അവസരങ്ങളിൽ ക്ഷണിക്കുന്നത് സ്നേഹിതരെയും പ്രധാനപ്പെട്ട വ്യക്തികളെയുമാണ്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു യെഹൂദന്മാർ; അവർ അവന് പ്രാധാന്യമുള്ളവരും അവന്റെ സ്നേഹിതന്മാർ എന്ന് അനുമാനിക്കപ്പെട്ടവരുമായിരുന്നു. [15]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു*, വാല്യം. 2 റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ:വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975). 268. [16]ആധുനിക–കാലത്തെ ഒരു ചിത്രീകരണത്തെ കുറിച്ച് ചിന്തിക്കുക:തീവ്രവാദികൾ അമേരിക്കൻ എംബസിയിൽ ബോംബു വെച്ചപ്പോൾ അതിൽ മരിച്ച ഏതാനും വ്യക്തികളോ മുറിവേറ്റവരോ ആയിരുന്നില്ല അവരുടെ ലക്ഷ്യം അമേരിക്ക തന്നെയായിരുന്നു. [17]എന്റെ കയ്യിലുള്ള ഇന്റർലീനിയർ ബൈബിൾ അനുസരിച്ച്, അക്ഷരിക ഗ്രീക്കിന്റെ അർത്ഥം "ദ പാർട്ടിങ്ങ് ഓഫ് ദ വെയ്സ്" എന്നാണ്. ചില

പ്രദേശത്ത്, ആ ആശയം നല്കുന്ന വാക്കാണ് "ക്രോസ്റോഡ്സ്." [18]മുമ്പിലെ പാഠത്തിൽ, സന്ദർഭത്തിൽ ഉപയോഗിച്ച "ദുഷ്ടന്മാരും നല്ലവരും" എന്ന പദപ്രയോഗം പ്രതിനിധീകരിക്കുന്നത് "മതപര–മല്ലാത്ത" യെഹൂദന്മാരും, ഒരുപക്ഷെ ജാതികളും അതിൽ ഉൾപ്പെട്ടിരിക്കാം എന്നു നാം കാണുകയുണ്ടായി. [19]തിരുവെഴുത്തിൽ, ചിലപ്പോൾ "മെനി" എന്നു പയോഗിച്ചിരിക്കുന്നത് "*എല്ലാ*വരെയും" ഉൾപ്പെടുത്തിയാണ്. "*അനേകർക്കു* വേണ്ടിയുള്ള മറുവില" എന്നതുമായി താരതമ്യം ചെയ്യുക (മത്തായി 20:28; എംഫസിസ് മൈൻ). "*എല്ലാവർക്കും* വേണ്ടി മറുവിലയായി" (1 തിമൊഥെയോസ് 2:6; എംഫസിസ് മൈൻ). [20]വസ്ത്രം വാസ്തവത്തിൽ എന്തായിരുന്നു എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ വിയോജിപ്പ് ഉണ്ട്, എന്നാൽ ചുരുങ്ങിയത് അതിഥികളുടെ ഏറ്റവും നല്ലതായിരിക്കണം.

[21]എൽഡ്റെഡ് എക്കോൾസ്, ഡിസ്ക്കവറിങ്ങ് *ദ പേൾ ഓഫ് ഗ്രെയ്റ്റ് പ്രൈസ്* (ഫോർട്ടുവർത്ത്, ടെക്സ്.:സ്വീറ്റ് പബ്ലിഷിങ്ങ്, 1992), 167. [22]ഇബിഡ് 171. അത് ദരിദ്രരെ ലജ്ജിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായിരുന്നു എന്നാണ് ഞാൻ മനസിലാക്കുന്നത്. സാമൂഹ്യമോ, സാമ്പത്തികമോ ആയ വ്യത്യാസം കണക്കാക്കാത്ത രീതിയിൽ ഒരേ രീതിയിൽ വസ്ത്രം ധരിച്ചിരുന്നു. [23]ആത്മിയമായി ശരിയായി "ധരിക്കേണ്ടതിന്റെ" പ്രാധാന്യത്തെ കാണിക്കുവാൻ ബൈബിളിൽ വസ്ത്രത്തെ ആലങ്കാരികമായി പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമ ഉദാഹരണങ്ങളിൽ ഇയ്യോബ് 29:14; യെശയ്യാവ് 61:10; യെഹെസ്ക്കേൽ 16:10 ഉം ഉൾപ്പെടുന്നു. ഈ അവതരണത്തിൽ പിന്നീട് പല പുതിയനിയമ ഉദാഹരണങ്ങളും കൊടുക്കുന്നുണ്ട്. ദൈവത്തിന്റെ സർവ്വായുധ വർഗം "ധരിക്കുന്നതും " അതിനോട് കൂട്ടിച്ചേർക്കാം (റോമർ 13:12; എഫെസ്യർ 6:11–17; 1തെസലൊനിക്യർ 5:8). [24]"സ്നേഹം" എന്ന വാക്കിന്റെ വകഭേദമായി സുവിശേഷവിവരണങ്ങളിൽ "സ്നേഹിതൻ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ ആ വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ആ വാക്ക് "കോംപ്രെയ്ഡ്" എന്നോ "കംപാനിയൻ" എന്നോ ആയിരുന്നു തർജിമ ചെയ്യേണ്ടിയിരുന്നത്. പുതിയനിയമത്തിൽ മത്തായി മാത്രമാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്, എല്ലായ്പോഴും അതിൽ അന്തർലീനമായതിന് എതിരായാണ് സൂചിപ്പിക്കുന്നത് (മത്തായി 20:13; 26:50). [25]"സ്ലേവ്" എന്നതിനുള്ള ഗ്രീക്ക് വാക്കാണ് *ഡൗലോസ്.* ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *ഡയാക്കോണസ്* എന്നാണ്. [26]റിച്ചാർഡ് സി. ട്രെഞ്ച്, നോട്ട്സ് ഓൺ *ദ പാരബിൾസ് ഓഫ് അവർ ലോഡ്* (വെസ്റ്റ്വുഡ് എൻജെ.:ഫ്ലെമിങ്ങ് എച്ച്.റിവെൽ കമ്പനി., 1953), 243. [27]ലൂക്കൊസ് 16:26 നോക്കുക. [28]വിശ്വാസത്താലും അനുസരണത്താലുമാണ് നാം ഇത് ചെയ്യുന്നത്. [29]വിശ്വസ്തമായ ക്രിസ്തീയ ജീവിതം ജീവിച്ചുകൊണ്ടാണ് നാം ഇത് ചെയ്യുന്നത്. [30]"ചീപ് ഗ്രെയ്സ്" എന്ന വാക്ക് സാധാരണ ഒരു ജെർമൻ തിയോളജിയനായ ഡയട്രിച്ച് ബോൺഹോയ്ഫറുമായി ബന്ധപ്പെട്ടിരിക്കുന്നു (1906–45).

[31]ചാർലെറ്റ് ജി. ഹോമെർ, "വിരുന്നിനു വരിക," *സോങ്സ് ഓഫ് ദ ചർച്ച്*, കോംപ്, ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.:ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1977). ഈ ഗീതം നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുണ്ടെങ്കിൽ, പ്രസംഗത്തിന്റെ അവസാനം നിങ്ങൾക്ക് അത് പാടാം.